## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1284  08.02.2013- ൽ മറുപടിക്ക്**

### വരൾച്ച ബാധിത ജില്ലകൾക്കുള്ള ആശ്വാസ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ് സുനിൽ കുമാർ<br>ശ്രീ. ഇ.കെ വിജയൻ<br>ശ്രീ. കെ. രാജു<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ നേരിടുന്ന ഈ സമയത്ത് എല്ലാ ജില്ലകളും വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ തലത്തിൽ എന്തെല്ലാം ആശ്വാസനടപടികളാണ് ഓരോജില്ലയിലും നടന്നുവരുന്നതെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനമാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ച് 31.12.2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ജില്ലയുടെ ചുമതല ഓരോ മന്ത്രിമാരെ ഏൽപ്പിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും അതിനു പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ചും, വരൾച്ചാ ദുരിതാശ്വാസ/ കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ജില്ലാ തലത്തിൽ സ്വീകരിക്കാനുതകുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും 28.12.2012-ൽ നം.77507/ കെ3/2012/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ അടിയന്തിര യോഗങ്ങൾ ചേർന്ന് അതാത് ജില്ലകളിൽ സ്വീകരിക്കേണ്ട വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തി ഏതൊക്കെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് തീരുമാനമെടുക്കുകയും പ്രവർത്തനങ്ങൾക്ക് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് നിർവ്വഹണ വകുപ്പുകളിലൂടെ തീരുമാനങ്ങൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധന അനുസരിച്ചുള്ള ടാങ്കർ ലോറിയിലുള്ള കുടിവെള്ള വിതരണം, പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾ, പൊതുകുളം, കിണർ മുതലായ കുടിവെള്ള സ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നു. കേരള വാട്ടർ അതോറിറ്റി, |

| | | | |
|---|---|---|---|
| | | | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ അതാത് വകുപ്പുകൾ മുഖേന നിർവ്വഹിച്ചു വരുന്നു. |
| (ബി) | ആശ്വാസ നടപടികൾക്കായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1995 കോടി രൂപ കേന്ദ്ര സഹായത്തിനായി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ